## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – ടൈപ്പിസ്റ്റ്-സീനിയോറിറ്റി പട്ടികയിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീ. പി. കെ. ശശികുമാർ സമർപ്പിച്ചിട്ടുളള അപേക്ഷ പരിഗണിച്ച് പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നു.

സൂചന :
1. കത്ത് നം. എ2/10475/16/ജി.മെ.ആ.കോഴിക്കോട്, തീയതി. 20/9/18
2. DT(B)1447/90/15/പി. എസ്. സി, കോഴിക്കോട്, തീയതി. 19/12/1995
3. ഉത്തരവ് നം. ഇ.ഡി5/48377/92/ആ.വ.ഡ. തീയതി. 5/2/1996
4. ഉത്തരവ് നം. എ2/5190/99/ജി.മെ.ആ.കോഴിക്കോട്, തീയതി. 29/4/1999
5. ഇ.എസ്2/57106/04/ആവഡ, തീയതി. 17/1/2006
6. നോട്ടീസ് നമ്പർ. ഇ. എസ്2/40318/2017/ആവഡ, തീയതി. 10/04/2019

### ഉത്തരവ് നം. ഇ.എസ്2/40318/12/ആ.വ.ഡ/തീയതി : 10/05/2019

കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. പി. കെ. ശശികുമാർ ടിയാൻ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ വന്ന അപാകത പരിഹരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സൂചന(1) പ്രകാരം അയച്ചുതന്നിരുന്നു.

സൂചന(2) പ്രകാരമുളള പി. എസ്. സി അഡ്വൈസിന്റെയും സൂചന(3) പ്രകാരമുളള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ശ്രീ. പി. കെ ശശികുമാർ 1.3.1996 ൽ എൽ. ഡി. ടൈപ്പിസ്റ്റ് ആയി ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് 05.02.1996 ന് സ്വന്തം ജില്ലയായ കോഴിക്കോട് സ്ഥലംമാറ്റ നിയമനം വഴി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുളളതുമാണ്.

സൂചന(4) ഉത്തരവ് പ്രകാരം 9.3.1998 കണക്കാക്കി ടിയാൻ പരിവീക്ഷണക്കാലം പൂർത്തിയാക്കിയിട്ടുമുണ്ട്. എന്നാൽ സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ച 4/86 മുതൽ 12/98 വരെയുളള കാലയളവിലെ എൽ. ഡി. ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ 162-ാം സ്ഥാനമാണ് ടിയാന് നൽകിയിരുന്നത്. ആയത് 5.12.1996 ൽ കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പരിഗണിച്ചാണ്. അതായത് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും സ്വന്തം ജില്ലയായ കോഴിക്കോടേയ്ക്ക് നൽകിയ സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റം ആയി പരിഗണിച്ചാണ് ടി സ്ഥാനം നൽകിയിട്ടുളളത്. ഹെഡ്ക്വാർട്ടർ നിയമനത്തിൽ ജോലിയിൽ പ്രവേശിച്ചയാൾക്ക് സ്വന്തം ജില്ലയിലേക്ക് നൽകുന്ന സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റ പരിധിയിൽ വരില്ല എന്നുളളതുകൊണ്ട് പി. എസ്. സി അഡ്വൈസ് തീയതി പരിഗണിച്ച് 4/86 മുതൽ 12/98 വരെയുളള കാലയളവിലെ എൽ. ഡി. ടൈപ്പിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ ശ്രീ. പി. കെ ശശികുമാറിന് 129 എ സ്ഥാനം നൽകുന്നതിനും ടിയാന് പ്രസ്തുത പട്ടികയിൽ

നൽകിയിട്ടുള്ള 162-ാം സ്ഥാനം റദ്ദാക്കുന്നതിനും താൽക്കാലിമായി തീരുമാനിച്ച് സൂചന 6 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ നാളിതുവരെ ആക്ഷേപങ്ങളൊന്നും സാഹചര്യത്തിൽ ശ്രീ. പി. കെ. ശശികുമാറിന് 4/86 മുതൽ 12/98 വരെയുള്ള കാലയളവിലെ എൽ. ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടികയിൽ 129 എ എന്ന സ്ഥാനം നൽകുന്നതിനും ടിയാന് പ്രസ്തുത പട്ടികയിൽ നൽകിയിരുന്ന 162-ാം സ്ഥാനം റദ്ദാക്കുന്നതിനുമുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റി കണക്കാക്കിയ തീയതി | പി. എസ്. സി അഡ്വൈസ് നമ്പർ | നിലവിലുള്ള റാങ്ക് നമ്പർ | പുതിയതായി അനുവദിച്ച റാങ്ക് നമ്പർ |
|---|---|---|---|---|---|---|---|
| 1 | P. Girish Kumar | 1/1/1967 | 24/1/1996 | 19/12/1995 | DTB.1447/90-34/Dt.19/12/95 | 129 | -- |
| 2 | P. K. Sasikumar | 4/5/1966 | 1/3/1996 | 19/12/1995 | DTB.1447/90-15/Dt.19/12/95 | 162 | 129 A |
| 3 | I. Sathiapalan | 30/5/1961 | 21/6/1996 | 1/12/1995 | DTB.1447/90/Dt.11/4/96 | 130 | -- |

ഇതനുസരിച്ച് സൂചന (5) ഉത്തരവ് പരിഷ്കരിച്ചിരിക്കുന്നു

(ഒപ്പ്)
അബ്ദുൾ നാസർ പുലത്ത്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. പി. കെ. ശശികുമാർ
സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്(ആ), കോഴിക്കോട്

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) സൂപ്രണ്ട്, ഇ.ഡി. സെക്ഷൻ
3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4) ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്